LIBRARY ARCHIVES Kerala Legislative Assembly

അന്തർ സംസ്ഥാന നദീജലക്കരാറുകൾ

43 (5721) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ബാധകമായ നിലവിലുള്ള അന്തർ സംസ്ഥാന നദീജലക്കരാറുകളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) അന്തർ സംസ്ഥാന നദീജലക്കരാറുകളുടെ കാര്യത്തിൽ സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിച്ചു കിട്ടുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തിന് ബാധകമായ അന്തർ സംസ്ഥാന നദീജലക്കരാറുകളിലെ വ്യവസ്ഥകളിൽ ഭേദഗതി ആവശ്യമാണെന്ന് കരുതുന്നുണ്ടോ ;

(ഡി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) നദീജലം പങ്കുവയ്ക്കുന്നതുമായി ബന്ധപ്പെട്ട മൂന്ന് കരാറുകൾ നിലവിലുണ്ട്. 29-5-1970-ൽ കേരള -തമിഴ്നാട് സർക്കാരുകൾ തമ്മിൽ ഒപ്പുവച്ച 9-11-1958 മുതൽ മുൻകാല പ്രാബല്യമുള്ള പറമ്പിക്കുളം ആളിയാർ പദ്ധതി കരാർ, 1973-ൽ കേരള-തമിഴ്നാട് ഗവൺമെന്റുകൾ ഒപ്പുവച്ച ശിരുവാണി കുടിവെള്ള കരാർ,1886-ൽ തിരുവിതാംകൂർ മഹാരാജാവും സെക്രട്ടറി ഓഫ് സ്റ്റേറ്റ് മദ്രാസും ഒപ്പുവച്ച പെരിയാർ പാട്ടകരാർ എന്നിവയാണ് പ്രസ്തുത കരാറുകൾ.

(ബി) പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ 30 വർഷത്തിലൊരിക്കൽ പുനരവലോകനം ചെയ്യുവാൻ വ്യവസ്ഥയുണ്ട്. അതിൻപ്രകാരം 1988-ൽത്തന്നെ പുനരവലോകന ചർച്ചകൾ ആരംഭിച്ചു. നാളിതുവരെ മുഖ്യമന്ത്രി, മന്ത്രി, ചീഫ് സെക്രട്ടറി, സെക്രട്ടറി തലത്തിൽ നിരവധി പുനരവലോകന ചർച്ചകൾ നടത്തുകയുണ്ടായി. ഈ ചർച്ചകളിൽ കേരളത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതരത്തിലുള്ള ആവശ്യങ്ങളും നിർദ്ദേശങ്ങളും ശക്തമായി ഉന്നയിച്ചിട്ടുണ്ട്. എന്നാൽ ഇരു സംസ്ഥാനങ്ങളും തമ്മിൽ അഭിപ്രായ സമന്വയത്തിലെത്തിച്ചേരാൻ കഴിയാത്തതിനാൽ പുനരവലോകനം സാധ്യമായിട്ടില്ല. അടുത്ത ചീഫ് സെക്രട്ടറിതല മീറ്റിംഗ് തിരുവനന്തപുരത്ത് വച്ച് 2010 ഒക്ടോബറിൽ നടത്തുവാൻ കേരളം സന്നദ്ധത അറിയിച്ചിട്ടുണ്ട്. 1973-ലെ ശിരുവാണി കുടിവെള്ള പദ്ധതി കരാറിന് 99 വർഷത്തെ കാലാവധിയാണുള്ളത്. 1886-ൽ ഒപ്പുവച്ച പാട്ടക്കരാർ തന്നെ കേരളത്തെ സംബന്ധിച്ചിടത്തോളം `valid binding and enforceable' ആണോ എന്ന കാര്യം സുപ്രീംകോടതി ഡിവിഷൻ ബഞ്ചിന്റെ പരിഗണനയിലുള്ള വിഷയമാണ്.

(സി & ഡി) ഉണ്ട്. മുൻവർഷങ്ങളിലെ സംയുക്ത ഗേജിംഗിലൂടെ ലഭ്യമായ വസ്തുതകളുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ഭേദഗതികൾ 24-4-2009-ൽ ചെന്നൈയിൽ വച്ച് നടന്ന PAP പുനരവലോകന ചർച്ചയിൽ മുന്നോട്ടുവച്ചു. കേരളത്തിന്റെ വിഹിതമായ 7.25 Tmcft ജലം ചിറ്റൂർപുഴ ആയക്കെട്ടിന് അപര്യാപ്തമാകായാൽ 4.75 Tmcft കണ്ട് കൂട്ടണമെന്ന് കേരളം ആവശ്യപ്പെട്ടു. ഷോളയാർ സബ്ബേസിനിലെ അധിക ജലലഭ്യത കേരളവുമായി ആനുപാതികമായി പങ്കുവയ്ക്കണമെന്ന് ആവശ്യപ്പെട്ടു. കേരളത്തിന്റെ ജല ലഭ്യത 14.8 Tmcft ആയി പുനർനിർണ്ണയിക്കണമെന്ന് ആവശ്യപ്പെട്ടു. പറമ്പിക്കുളം ഗ്രൂപ്പിൽനിന്നും കേരളത്തിന് ജലം ലഭിക്കുവാൻ നിലവിലുള്ള Threshold ആയ 16.5 Tmcft താഴ്ത്തി 12.5 Tmcft ആക്കണമെന്നും ആവശ്യപ്പെട്ടു. എന്നാൽ പുനരവലോകനം പൂർത്തിയാകാത്തതിനാലും ഇരു സംസ്ഥാനങ്ങൾ തമ്മിൽ അഭിപ്രായ സമന്വയം സാധ്യമാകാത്തതിനാലും കരാറിൽ ഈ ഭേദഗതികൾ വരുത്തുവാൻ സാധിച്ചിട്ടില്ല. ശിരുവാണി പാട്ടക്കരാറിലെ വ്യവസ്ഥകളിൽ ഭേദഗതി വരുത്തണമെന്ന് ഇരുസംസ്ഥാനങ്ങളും ആവശ്യങ്ങളൊന്നും ഉന്നയിച്ചിട്ടില്ല. 1886-ൽ ഒപ്പുവച്ച പെരിയാർ പാട്ടക്കരാർ തന്നെ കേരളത്തെ സംബന്ധിച്ചിടത്തോളം `Valid binding and enforceable' ആണോ എന്ന കാര്യം സുപ്രീംകോടതിയുടെ പരിഗണനയിലുള്ള വിഷയമാണ്.

സ്ത്രീകളെ ബ്ലാക്ക്മെയിൽ ചെയ്യുന്ന പ്രസിദ്ധീകരണങ്ങൾ

44 (5722) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യക്തികളെ പ്രത്യേകമായി സ്ത്രീകളെ ബ്ലാക്ക്മെയിൽചെയ്യുന്ന പ്രസിദ്ധീകരണങ്ങളുടെ എണ്ണം സംസ്ഥാനത്ത് വർദ്ധിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനെ ഫലപ്രദമായി പ്രതിരോധിക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഇല്ല

(ബി) ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ മീഡിയ ലിസ്റ്റിൽ ഉൾപ്പെടുന്ന പ്രസിദ്ധീകരണങ്ങളിൽ ഇത്തരം ലേഖനങ്ങളോ വാർത്തകളോ പ്രസിദ്ധീകരിച്ച വിവരം ശ്രദ്ധയിൽപ്പെട്ടാൽ അവ വിശദമായി പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

2214/12

LIBRARY ARCHIVES Kerala Legislative Assembly